**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **27-07-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര പച്ചക്കറി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി.അൻവർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; | (എ) | പച്ചക്കറി ഉല്പാദനരംഗത്ത് സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിൽ കഴിഞ്ഞ സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് (5ഹെക്ടർ), ക്ലസ്റ്ററൊന്നിന് 1.25 ലക്ഷം രൂപ വീതം ധനസഹായവും, സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500 രൂപ വരെ സബ്സിഡിയും നൽകികൊണ്ടുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ഇനത്തിൽ 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്ത വിളകൾക്ക് 20,000/- രൂപയും നിരക്കിൽ ധനസഹായം നൽകിയിരുന്നു. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യാൻ ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകിയിരുന്നത് 2020-21 വർഷത്തിൽ 40,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങളിലും കർഷകർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വീട്ടുവളപ്പിലും തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃഷിത്തോട്ടം നിർമ്മിച്ചും |

സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി നടത്തിയും വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സബ്സിഡി ഇനത്തിൽ നൽകിയിരുന്നു. വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് നൂതന രീതിയായ മഴമറ നിർമ്മിക്കുന്നതിനു സബ്സിഡി നൽകിയിരുന്നു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചെലവ് വരുന്ന തുകയിൽ 75% സബ്സിഡിയോടുകൂടി 50,000 രൂപയിൽ അധികരിക്കാതെ ധനസഹായം നൽകിവരുന്നു. 2020-21 ൽ 1000 മഴമറകൾ നിർമ്മിക്കുന്നതിനാണു ലക്ഷ്യമിട്ടിരുന്നെങ്കിലും ഇതുവരെ 1337 മഴമറ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തേക്കുള്ള "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും സാധിച്ചു. ആരോഗ്യ സംരക്ഷണത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിനും തത്ഫലമായി അവരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ, ബോധവല്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിയിരുന്നു. കോവിഡ് 19 പശ്ചാലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷ കേരളം

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 7000 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്നതിന് സഹായവും പ്രോത്സാഹനവും നൽകിയിരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം ക്ലസ്റ്ററിടാസ്ഥാനത്തിൽ ഹൈബ്രിഡ് പച്ചക്കറി കൃഷി, തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ കൃത്യതാ കൃഷി, പോഷക മൂല്യമേറിയ നാടൻ പച്ചക്കറി കൃഷി, ഉത്തമ കൃഷി മുറകൾ/ പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സമ്പ്രദായം അവലംബിച്ച് കൊണ്ടുള്ള കയറ്റുമതി അധിഷ്ഠിത പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കിയിരുന്നു. 2016-17 – ൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 0.52829 ലക്ഷം ഹെക്ടറും ഉല്പ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 2020-21 വർഷത്തിൽ വിസ്തൃതി 1.02 ലക്ഷം ഹെക്ടറും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സമഗ്ര പച്ചക്കറി കൃഷി പദ്ധതിക്കായി ചെലവഴിച്ച തുക, വിസ്തൃതി, ഉൽപാദനം എന്നിവ ചുവടെ ചേർക്കുന്നു. |
| (ബി) | വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ വിലയിലെ അസ്ഥിരതയും അനിശ്ചിതാവസ്ഥയും നേരിടുന്നത് പരിഹരിക്കുന്നതിനു നടപ്പാക്കിയ കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി പദ്ധതിയെകുറിച്ച് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില ആനുകൂല്യമായി (gap) നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 6 മൊത്ത വ്യാപാര വിപണന മാർക്കറ്റുകൾ നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ വിപണനം നടത്തി വരുന്നു. കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. |
| (സി) | ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിനും അവയുടെ സംഭരണത്തിനും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ; കോവിഡ് സൃഷ്ടിച്ച അസാധാരണ സാഹചര്യം ഇതു അപ്രായോഗികമാക്കിയിരുന്നോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാന വില ആനുകൂല്യമായി (gap) നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 6 മൊത്ത വ്യാപാര വിപണന മാർക്കറ്റുകൾ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ വിപണനം നടത്തി വരുന്നു. കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

| സാമ്പത്തിക വർഷം | ചിലവഴിച്ച തുക (ലക്ഷത്തിൽ) | വിസ്തൃതി ലക്ഷം (ഹെക്ടറിൽ) | ഉല്പാദനം ലക്ഷം (മെട്രിക് ടൺ) |
|---|---|---|---|
| 2016–17 | 6273.38798 | 0.52829 | 7.25 |
| 2017–18 | 7726.19210 | 0.69047 | 10.01 |
| 2018–19 | 7477. 26000 | 0.82166 | 12.12 |
| 2019–20 | 4913.86092 | 0.96313 | 14.93 |
| 2020–21 | 6843.16932 | 1.02 | 15.7 |

| നം. | വിള | അടിസ്ഥാന വില | അടിസ്ഥാന ഉല്പാദന ക്ഷമത (t/ha) |
|---|---|---|---|
| 1 | മരച്ചീനി | 12 | 15 |
| 2 | നേന്ത്രൻ<br><br>വയനാടൻ നേന്ത്രൻ | 30<br><br>24 | 10<br><br>10 |
| 3 | കൈതച്ചക്ക | 15 | 14 |
| 4 | കുമ്പളം | 9 | 11 |
| 5 | വെള്ളരി | 8 | 10 |
| 6 | പാവൽ | 30 | 10 |
| 7 | പടവലം | 16 | 15 |
| 8 | വള്ളിപ്പയർ | 34 | 8 |
| 9 | തക്കാളി | 8 | 15 |
| 10 | വെണ്ട | 20 | 8 |
| 11 | ക്യാബേജ് | 11 | 20 |
| 12 | ക്യാരറ്റ് | 21 | 15 |
| 13 | ഉരുളക്കിഴങ്ങ് | 20 | 15 |
| 14 | ബീൻസ് | 28 | 11 |
| 15 | ബീറ്റ്റൂട്ട് | 21 | 12 |
| 16 | വെളുത്തുള്ളി | 139 | 05 |